**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**വിജ്ഞാപനം**
**സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലേക്കുള്ള ഓൺലൈൻ മോപ് അപ് അലോട്ട്മെന്റ്-2022 താൽക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**

സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള ഓൺലൈൻ മോപ് അപ് താത്ക്കാലിക അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 16.10.2022 ലെ വിജ്ഞാപന പ്രകാരം വിദ്യാർത്ഥികൾ നൽകിയ ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

വിദ്യാർത്ഥികൾക്ക് 'KEAM 2022-Candidate Portal'ലെ 'Provisional Mop up Allotment List' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് താത്ക്കാലിക മോപ് അപ് അലോട്ട്മെന്റ് ലിസ്റ്റ് കാണാവുന്നതാണ്.

താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് സംബന്ധിച്ച സാധുവായ പരാതികളുണ്ടെങ്കിൽ ceekinfo.cee@kerala.gov.in എന്ന ഇമെയിൽ മുഖാന്തിരം 20.10.2022 വൈകുന്നേരം 4.00 മണിക്കുള്ളിൽ അറിയിക്കേണ്ടതാണ്.മോപ് അപ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിച്ച ശേഷം മേൽ പറഞ്ഞിരിക്കുന്ന സമയത്തിനുള്ളിൽ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ/കോഴ്സിൽ പ്രവേശനം നേടാത്ത വിദ്യാർഥികളുടെയും പ്രവേശനം നേടിയ ശേഷം വിടുതൽ വാങ്ങുന്ന വിദ്യാർത്ഥികളുടേയും മോപ് അപ് രജിസ്ട്രേഷൻ ഫീസ് അനാവശ്യ ഓപ്ഷൻ നൽകിയതിനുള്ള പെനാൽറ്റിയായി കണക്കാക്കുന്നതും ഫീസ് തിരികെ നല്കുന്നതുമല്ല. അന്തിമ മോപ്-അപ് അലോട്ട്മെന്റ് 20.10.2022 ന് പ്രസിദ്ധീകരിക്കുന്നതാണ്. 21.10.22, 22.10.2022 തീയതികളിൽ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി വിദ്യാർഥികൾ പ്രവേശനം നേടേണ്ടതാണ്. ഇത് സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കും.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.10.20 05:58:18 IST
Reason: Approved

തിരുവനന്തപുരം

**പ്രവേശന പരീക്ഷാ കമ്മീഷണർ**

20/10/2022